**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1095** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജലശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തനക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന ജലശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന ജലശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് ചില പ്രാഥമിക പഠനങ്ങൾ നടത്തിവരുന്നു. സർക്കാർ സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്ററും (EMC) കേരള വാട്ടർ അതോറിറ്റി എനർജി ഓഡിറ്റ് വിഭാഗവും പ്ലാന്റുകൾ സന്ദർശിച്ച് പ്ലാന്റുകളുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തന ക്ഷമതയും പമ്പുകളുടെ കാര്യക്ഷമതയും പരിശോധിക്കുന്നുണ്ട്. പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ കൊച്ചി കറുകുറ്റി കുടിവെള്ള സ്കീമിന്റെ പ്രവർത്തന ഓഡിറ്റ്, ജല ശുദ്ധീകരണശാല ഉൾപ്പെടെ ഒരു പൈലറ്റ് പ്രൊജക്റ്റായി ബ്യൂറോ വെരിറ്റസ് (BV) എന്ന സ്ഥാപനം മുഖേന നടത്തുകയുണ്ടായി. കൂടുതൽ വിശദാംശങ്ങളോടെ ഈ പൈലറ്റ് പഠനം നടത്തുവാനും, ഇതുപോലുള്ള പഠനങ്ങൾ മറ്റ് ജല ശുദ്ധീകരണശാലകളിലേക്ക് വ്യാപിപ്പിക്കുവാനും ആലോചനയുണ്ട്. കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗവും ജല ശുദ്ധീകരണ പ്ലാന്റുകൾ സന്ദർശിച്ച് റിപ്പോർട്ട് നൽകാറുണ്ട്. |
| (ബി) | കാലപ്പഴക്കം ചെന്ന പ്ലാന്റുകൾ വരുത്തിവയ്ക്കുന്ന ജലപ്രതിസന്ധിയും ഊർജ്ജനഷ്ടവും പരിഹരിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | (ബി) | സ്റ്റേറ്റ് പ്ലാൻ, ജൽജീവൻ മിഷൻ, അമൃത്, കിഫ്ബി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പ്ലാന്റുകളുടെ പുന:രുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഊർജ്ജനഷ്ടം പരിഹരിക്കുന്നതിന് സർക്കാർ സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്ററും (EMC) കേരള വാട്ടർ അതോറിറ്റി എനർജി ഓഡിറ്റ് വിഭാഗവും പ്ലാന്റുകൾ സന്ദർശിച്ച് പ്ലാന്റുകളുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തന ക്ഷമതയും പമ്പുകളുടെ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമതയും പരിശോധിക്കുന്നുണ്ട്. പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ